**No. CEE/4900/2015/KEAM-2016/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് –2016 ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

2016-ലെ എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റിന്റെ പ്രക്രിയയുടെ ഭാഗമായുള്ള ട്രയൽ അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **27.06.2016** വരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ അലോട്ട്മെന്റ് യഥാർത്ഥ പ്രവേശനം ഉറപ്പ് വരുത്തുന്നില്ല. എന്നാൽ ഇത് ഒരു വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കാനുള്ള കോഴ്സ്/കോളേജ് സാധ്യത മാത്രമാണ് സൂചിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും, ഇതിനോടകം നൽകിയിട്ടുള്ള ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും **ജൂൺ 30-ാം തീയതി ഉച്ചയ്ക്ക് 12 മണി** വരെ സമയം അനുവദിച്ചിട്ടുണ്ട്.

**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവരും പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുമായ എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സുകളിലേയ്ക്കോ കോളേജുകളിലേയ്ക്കോ പിന്നീട് ഒരു ഘട്ടത്തിലും ഓപ്ഷനുകൾ നൽകാൻ അവസരമുണ്ടായിരിക്കുന്നതല്ല.**

തിരുവനന്തപുരം
28.06.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**